**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 378** **04-10-2021 - ൽ മറുപടിയ്ക്ക്**

**കഞ്ചാവ്-മയക്കമരുന്ന് കച്ചവടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ കഞ്ചാവ്-മയക്കമരുന്ന് കച്ചവടം വർദ്ധിച്ചു വരികയാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് എക്സൈസ് വകുപ്പ് കണ്ടെടുത്ത കഞ്ചാവ്-മയക്കമരുന്ന് കേസുകളിലെ തൊണ്ടി മുതലുകളുടെ അളവിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. തൊണ്ടി മുതലുകളിലുള്ള വർദ്ധനവ് പരിഗണിക്കുമ്പോൾ സംസ്ഥാനത്ത് വിറ്റഴിക്കുന്ന കഞ്ചാവിന്റെയും മയക്കമരുന്നുകളുടെയും അളവ് വർദ്ധിക്കുന്നതായി കാണുന്നു. |
| (ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കാൻ പോകുന്ന പശ്ചാത്തലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപ പ്രദേശങ്ങളിൽ നടക്കു കഞ്ചാവ്-മയക്കമരുന്ന് വില്പനകളുടെ പരിശോധന കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപ പ്രദേശങ്ങളിൽ കഞ്ചാവിന്റെയും മറ്റ് മയക്ക മരുന്നുകളുടെയും വില്പനയും വിതരണവും തടയുന്നതിനായി സ്കൂൾ പരിസരത്ത് നിരന്തരം നിരീക്ഷണങ്ങളും, പട്രോളിംഗും നടത്തുന്നുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥർ, സ്കൂൾ അധികൃതർ, ജനപ്രതിനിധികൾ, പൊതു പ്രവർത്തകർ തുടങ്ങിയവരുമായും, ലഹരി വിരുദ്ധ ക്ലബ്ബ്, സ്റ്റുഡൻസ് പോലീസ് കേഡറ്റ് തുടങ്ങിയ സംവിധാനങ്ങളുമായും ടി വിഷയത്തിൽ ബന്ധപ്പെട്ട് വിവരങ്ങൾ ആരായുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്ത് വരുന്നു. കൂടാതെ എക്സൈസ് രഹസ്യാന്വേഷണ വിഭാഗത്തിന്റെ പ്രവർത്തനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്നുണ്ട്. സ്കൂളുകളിലെയും കോളേജുകളിലെയും ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം സ്കൂൾ തുറക്കുന്നതോടു കൂടി കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. വിമുക്തി മിഷന്റെ പ്രവർത്തനങ്ങളും വിദ്യാലയങ്ങളിലേയ്ക്ക് കൂടുതൽ വ്യാപിപ്പിക്കും. |

സെക്ഷൻ ഓഫീസർ